പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *246** 18-07-2016 - ൽ മറുപടി നൽകേണ്ടത്

# മാനേജ്മെന്റുകൾ വാങ്ങുന്ന തലവരി പണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കേരളത്തിലെ വിവിധ കോളേജുകളിലും സ്കൂളുകളിലും താഴെത്തട്ടു മുതലുള്ള ക്ലാസുകളിലെ പഠന പ്രവേശനത്തിനായി മാനേജ്മെന്റുകൾ, പാവപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും രസീതു നൽകാതെ വൻതുക തലവരിപ്പണമായി വാങ്ങുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കേരളത്തിലെ കോളേജുകളിലും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സ്കൂളുകളിലും പഠന പ്രവേശനത്തിനായി തലവരിപ്പണം വാങ്ങുന്നുയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് ചില മാനേജ്മെന്റുകൾ രസീത് നൽകാതെ തലവരിപ്പണം വാങ്ങുന്നതായ ആരോപണം ശ്രദ്ധയിപ്പെട്ടിട്ടുണ്ട്. |
| ബി) ഇതിനെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) വിദ്യാഭ്യാസ അവകാശ നിയമം സെക്ഷൻ 13 പ്രകാരം സ്കൂൾ പ്രവേശനത്തിന് യാതൊരു വിധത്തിലുമുള്ള തലവരിപ്പണം ഈടാക്കരുതെന്ന് വ്യവസ്ഥയുണ്ട്. തലവരിപ്പണം സ്വീകരിച്ചാൽ തലവരിപ്പണത്തിന്റെ പത്തിരട്ടിയോളമാകാവുന്ന തുക പിഴ നൽകി ശിക്ഷിക്കാൻ നിയമമുണ്ട്. |

| | |
|---|---|
| | സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ്/പി.ടി.എ ഫണ്ട് എന്നിവ കൂടാതെ ഉയർന്ന നിരക്കിൽ പി.ടി.എ. ഫണ്ട്, കെട്ടിട ഫണ്ട്, സ്കൂൾ വികസന ഫണ്ട് എന്നിങ്ങനെ അനധികൃതമായി തുക കുട്ടികളിൽ/രക്ഷകർത്താക്കളിൽ നിന്ന് ചില സ്കൂൾ അധികാരികൾ ഈടാക്കുന്നതായും മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിന് കോഴ വാങ്ങുന്നതായും പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന/ജില്ലാ തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. അനധികൃത പിരിവ് ശ്രദ്ധയിൽപ്പെട്ടാൽ റിപ്പോർട്ട് ചെയ്യുന്നതിനായി പ്രത്യേക ഫോൺ നമ്പരും, മെയിൽ ഐഡിയും മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ട്. |
| സി) ഇതിന്മേൽ ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉള്ളടക്കം വിശദമാക്കാമോ; പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | സി) ഉണ്ട്.<br><br>ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് വൺ പ്രവേശന സമയത്ത് ഉയർന്ന നിരക്കിൽ പി.ടി.എ ഫണ്ട്, കെട്ടിട ഫണ്ട്, സ്കൂൾ വികസന ഫണ്ട് എന്നിങ്ങനെ അനധികൃതമായി തുക കുട്ടികളിൽ/ രക്ഷകർത്താക്കളിൽ നിന്ന് ചില സ്കൂൾ അധികാരികൾ ഈടാക്കുന്നതായും മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിന് കോഴ വാങ്ങുന്നതായും രേഖാ മൂലവും ടെലിഫോണിലൂടെയും ഇ മെയിലായും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി ഡയറക്ടർ നേരിട്ടും, ഹയർ സെക്കണ്ടറി ഡയറക്ടറുടെ മേൽനോട്ടത്തിലും സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന |

| | |
|---|---|
| | നടത്തുകയുണ്ടായി. മിന്നൽ പരിശോധനയിൽ ചില സ്കൂൾ അധികാരികൾ അനധികൃതമായി തുക ഈടാക്കിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. ഈ തുക രക്ഷകർത്താക്കൾക്ക് തിരികെ നൽകാൻ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകുകയും തുക തിരികെ നൽകിയില്ലെന്ന പരാതി ഏതെങ്കിലും പ്രിൻസിപ്പൽമാർക്കെതിരെ ഉണ്ടാകുന്ന പക്ഷം അത്തരം പ്രിൻസിപ്പാളിനെതിരെ കർശന നടപടിയുണ്ടാകുന്നതാണെന്ന മുന്നറിയിപ്പും നൽകുകയുണ്ടായി. |
| ഡി) മാനേജ്മെന്റുകൾ തലവരിപ്പണം വാങ്ങുന്നതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ഹയർ സെക്കന്ററി സ്കൂൾ തലത്തിൽ ചില മാനേജ്മെന്റുകൾ തലവരി പണംവാങ്ങി മാനേജ്മെന്റ് ക്വാട്ട പ്രവേശനം നടത്തുന്നതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലുണ്ടെങ്കിലും മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത സാഹചര്യം നിലവിലില്ല. |
| ഇ) ഇതിനെതിരെ കർശന നടപടി സ്വീകരിച്ച് സർക്കാർ തലത്തിൽ പുതിയ ഉത്തരവ് ഇറക്കി മാനേജ്മെന്റുകളെ നിയന്ത്രിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | ഇ) ഇക്കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകൾ പര്യാപ്തമാണ്. പരാതികൾ ലഭിക്കുന്ന പക്ഷം അത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ